# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേലടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/സി1/1956/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 29/12/2025
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥന ഓഡിറ്റ് പകുപ്പ്(ഉപരി പത്രം സഹിതം)

2. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കോഴിക്കോട്
3. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/സി1/1956/2025 തീയ്യതി: 29/12/2025

# കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 24-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജയരാജൻ കെ | ജോയിന്റ് ഡയറക്ടർ | 25-09-2025 | 03-10-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-09-2025 | 03-10-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിനോദ് പി.എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷൈനി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സഹദ്.ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അശ്വതി.ജെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേഷ് ചങ്ങാടത്ത് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. ജോബി സാലസ് | സെക്രട്ടറി | 01-04-2024 | 28-11-2024 |
| ശ്രീ കൃഷ്ണൻ കെ.വി | സെക്രട്ടറി | 29-11-2024 | 11-12-2024 |
| ശ്രീ ബിനു ജോസ് | സെക്രട്ടറി | 12-12-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുജ വി. | അസി എക്സി.എഞ്ചിനീയർ | 01-04-2024 | 05-12-2024 |
| ശ്രീ ഷിനോയ് എ.കെ. | അസി എക്സി.എഞ്ചിനീയർ | 06-12-2024 | 07-01-2025 |
| ശ്രീമതി സുജിന കെ.വി. | അസി എക്സി.എഞ്ചിനീയർ | 08-01-2025 | 31-03-2025 |
| ശ്രീമതി അശ്വതി ശ്രീധർ | അസി .എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ.വീണ വി.എം | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ശ്രീമതി സ്മിത ഹരിദാസ് കെ. | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2024 | 07-07-2024 |
| ശ്രീമതി വിജയലക്ഷ്മി സി.എച്ച് | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 08-07-2024 | 08-08-2024 |
| ശ്രീമതി ശുഭ സി.വി. | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 09-08-2024 | 15-12-2024 |

| | | | |
|---|---|---|---|
| ശ്രീമതി ഡോണ കരുപ്പാളി | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 16-12-2024 | 31-03-2025 |
| ശ്രീ സുധീഷ് കുമാർ വി.കെ. | വ്യവസായ വികസന ഓഫീസർ | 01-04-2024 | 07-07-2024 |
| ശ്രീ വിപിൻദാസ് പി | വ്യവസായ വികസന ഓഫീസർ | 08-07-2024 | 31-03-2025 |
| ശ്രീ അബ്ദുൽ അസീസ്.ടി | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ ശ്രീജിത്ത് പി | ക്ഷീര വികസന ഓഫീസർ | 01-04-2024 | 06-06-2024 |
| ശ്രീമതി ശിജിന എ. | ക്ഷീര വികസന ഓഫീസർ | 07-06-2024 | 31-03-2025 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും സമർപ്പിച്ചില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | സ്റ്റോക്ക് നീക്കിയിരിപ്പ്- കൃത്യതയില്ല | 1-1-4 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ് - ബി -4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | അക്കൗണ്ടുകളിലെ ബാങ്ക് റിക്കൺസിലിയേഷൻ സമയബന്ധിതമായി ചെയ്യുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | കാഷ് ബാലൻസ് പരിശോധന | 1-6 |
| 13 | വിവിധ ഏജൻസികൾക്ക് തുക നൽകി - പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല | 1-7 |
| 14 | മുൻകൂർ തുക ക്രമീകരിച്ചില്ല | 1-8 |
| 15 | പഠനമുറി നിർമാണം പദ്ധതി - അപാകങ്ങൾ | 1-9 |
| 16 | സി.എച്ച്.സി മേലടി ഉപകരണങ്ങൾ വാങ്ങൽ പദ്ധതി - അപാകം | 1-10 |
| 17 | പാലിയേറ്റീവ് കെയർ പദ്ധതി-അപാകങ്ങൾ | 1-11 |
| 18 | എക്സ്കവേഷൻ... | |

| | | |
|---|---|---|
| 18 | എക്സ്ട്ടായിനത്തിന്റെ നിരക്ക് കണക്കാക്കിയതിലെ അപാകം - കരാറുകാരന് അധികതുക നൽകി | 1-12 |
| 19 | വയോജന കേന്ദ്രം സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-13 |
| 20 | കൈപ്പാട് കൃഷി വികസനം - രേഖകൾ ഹാജരാക്കിയില്ല | 1-14 |
| 21 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും | 1-15 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എക്സ്ട്ടായിനത്തിന്റെ നിരക്ക് കണക്കാക്കിയതിലെ അപാകം - കരാറുകാരന് അധികതുക നൽകി | 3-1 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 5 | സ്ഥിര നിക്ഷേപം | 4-6 |
| 6 | ഓഡിറ്റ് റിക്കവറി | 4-7 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.05.2025 തീയതിയിലെ 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 31.05.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എ.ജി.ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത്‌രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

### 1-1-1 എല്ലാ പത്രികകളും സമർപ്പിച്ചില്ല

അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള താഴെ പറയുന്ന പത്രികകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെട്ടിട്ടില്ല.

(1) അക്കൗണ്ടിങ് നയങ്ങളെ സംബന്ധിച്ച കുറിപ്പുകൾ
(2) അടിസ്ഥാന അനുപാതങ്ങൾ

### 1-1-2 കാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

കാഷ്-ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ കാഷ്-ഫ്ലോയും (4352264) അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (3888200) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്ററർ, വാടക രജിസ്റ്റർ എന്നിവ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-1-4 സ്റ്റോക്ക് നീക്കിയിരിപ്പ്- കൃത്യതയില്ല

സ്റ്റേഷനറി/സ്റ്റോറുകളുടെ നീക്കിയിരിപ്പ് മൂല്യാധിഷ്ഠിതമായി കണക്കാക്കുകയോ ആയതിന്റെ മൂല്യം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ സ്റ്റോക്കുകൾ നീക്കിയിരിപ്പുണ്ടെന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

### 1-1-5 ധനകാര്യകമ്മീഷൻ ഗ്രാന്റ് - ബി -4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റിലെ ബി -4 ഷെഡ്യൂൾ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ വർഷാന്ത്യ നീക്കിയിരിപ്പ് 24,96,539/-രൂപയാണ് (ടൈഡ് 2217626 + അൺടൈഡ് 278913). എന്നാൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ സാമ്പത്തിക വർഷാവസാനം 25,40,579/- രൂപ നീക്കിയിരിപ്പുണ്ട്. വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

### 1-1-6 അക്കൗണ്ടുകളിലെ ബാങ്ക് റിക്കൺസിലിയേഷൻ സമയബന്ധിതമായി ചെയ്യുന്നില്ല.

വിവിധ അക്കൗണ്ടുകളിലെ ബാങ്ക് റിക്കൺസിലിയേഷൻ പരിശോധിച്ചതിൽ ചില അക്കൗണ്ടുകളിൽ നിന്ന് വരുത്തുന്ന ചെലവുകളും വരവുകളും അക്കൗണ്ടിൽ സമയബന്ധിതമായി ചേർക്കാത്തതായി കാണുന്നു. ഈ തുക റികൺസിലിയേഷനിൽ Directly Credited By Bank, Directly Debited By Bank എന്ന രീതിയിൽ റികൺസിലിയേഷൻ നടത്തി പിന്നീട് ചേർക്കുന്നതായി കാണുന്നു. ഉദാഹരണമായി

പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിൽ 25.09.2024 തീയതിയിൽ വരവ് വന്ന 16,809/-രൂപ ജനവരി മാസം വരെ ബാങ്ക്ബുക്കിൽ വരവ് വരുത്താതെ Directly Credited By Bank എന്ന രീതിയിൽ റികൺസിൽ ചെയ്യുകയാണ് ചെയ്തത്.

### 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 01-02-2024 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 15-03-2025 തീയതിയിലെ 1-ാം നമ്പർ പ്രകാരവും അംഗീകരിച്ചു.

അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 6006074 | 15184815 |
| വരവ് | 8042000 | 215471526 |
| ആകെ | 75442374 | 233941041 |
| ചെലവ് | 70913648 | 211960726 |
| നീക്കിയിരിപ്പ് | 4528726 | 21980315 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5364203 |
| വരവ് | 66478375 |
| ആകെ | 71842578 |
| ചെലവ് | 62590175 |
| നീക്കിയിരിപ്പ് | 9252403 |

## 1-4 ഫണ്ട് വിനിയോഗം

| | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 13769800 | 13769800 | 13769800 | 0 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 5555000 | 5555000 | 5226131 | 328869 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 377200 | 377200 | ---- | 377200 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 12421000 | 12421000 | 9513167 | 2907833 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | ബാങ്ക് | 119305 | 5172000 | 5291305 | 3073679 | 2217626 |
| | ട്രഷറി | 0 | 473432 | 473432 | 0 | 473432 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | ബാങ്ക് | 204336 | 2413423 | 2617759 | 2338846 | 278913 |

## 1-5 പദ്ധതി അവലോകനം

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 115 | 91859161 | 88 | 46126071 | 27 | 76.5% |

ഡി.പി.സി. അംഗീകാരം ലഭിച്ച 115 പ്രോജക്ടുകളിൽ 88 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്.

ആകെ പദ്ധതി അടങ്കലായി 9,18,59,161/-രൂപ വകയിരുത്തിയതിൽ 4,61,26,071/-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 40,48,675/-രൂപ തനതുഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 കാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 29.09.2025ന് ഉച്ചക്ക് 01.00 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന സമയത്ത് ബ്ലോക്ക് പഞ്ചായത്തിൽ കാഷ് നീക്കിയിരിപ്പ് ഒന്നുമില്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 വിവിധ എജൻസികൾക്ക് തുക നൽകി - പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല

2024-25 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വ്യത്യസ്ത ഏജൻസികൾക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക/ ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ, തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 151/25, വൃത്തി ദി ക്ലീൻ കേരള കോൺക്ലേവ് | 200000 (വികസന ഫണ്ട്) | 533/24-03-2025<br>532/24-03-2025 | ശുചിത്വ മിഷൻ അക്കൗണ്ടിലേക്ക് ക്ലീൻ കേരളാ കോൺക്ലേവ് നടത്തുന്നതിനായി തുക കൈമാറി എന്നാൽ തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. |
| 2 | 119/25 എം.ആർ.എഫ് സെന്ററിന് കുടിവെള്ള സൗകര്യം ഒരുക്കൽ | 66718 (വികസന ഫണ്ട്) | 400/14-02-25<br>440/10-03-25 | കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ എം.ആർ.ഫ് കേന്ദ്രത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ വകുപ്പ് കോഴിക്കോടിന് തുക ഡെപ്പോസിറ്റ് ചെയ്തു. പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല. |
| 3 | 148/25 ബ്ലോക്ക് പഞ്ചായത്തിൽ സോളാർ പാനൽ വിപുലീകരിക്കൽ | 600182 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 458/12-03-25 | ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ സോളാർ പാനൽ വീപുലീകരിക്കുക എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി അനർട്ട് ജില്ലാ ഓഫീസിലെ ജില്ലാ എഞ്ചിനീയർക്ക് തുക കൈമാറി എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |
| 4 | 53/25 നവീനമുക്ക് | 500000 | 349/06-01-25 | കുറ്റ്യാടി ജലസേചന |

| | | | | |
|---|---|---|---|---|
| | അരീക്കര റോഡ് വിഹിതം കൈമാറൽ | (ധനകാര്യ കമ്മീഷൻ അവാർഡ്) | 355/09-01-25 | പദ്ധതിയുടെ അധികാര പരിധിയിൽ വരുന്ന സ്ഥലമായതിനാൽ ഡെപ്പോസിറ്റ് വർക്കിന് വേണ്ടി കെ.വെ.ഐ.പി അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്തു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 5 | 69/25 നടുക്കണ്ടി ക്ഷേത്രം കൊല്ലിയിൽ മുക്ക് റോഡ് മേപ്പയ്യൂർ | 550000 (ധനകാര്യ കമ്മീഷൻ അവാർഡ്, തനത് ഫണ്ട്) | 282/18-10-24<br>291/30-10-24<br>297/11-11-24 | ഡെപ്പോസിറ്റ് വർക്കായി കെ.വെ.ഐ.പി എക്സിക്യൂട്ടീവ് എഞ്ചിനീയർ പേരാമ്പ്ര ഡിവിഷന് തുക കൈമാറി എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിനിയോഗ വിവരം ലഭ്യമല്ല, |
| 6 | 94/25, എഴുപതാം നമ്പർ അങ്കണവാടി- തിക്കോടി ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ | 500000 (വികസന ഫണ്ട്) | 348/06-01-25 | തിക്കോടി ഗ്രാമ പഞ്ചായത്തിൽ അങ്കണവാടി നിർമ്മാണത്തിനായി ബ്ലോക്ക് വിഹിതം കൈമാറി. വിനിയോഗ വിവരം ലഭ്യമല്ല. |

മേൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും തുകയുടെ വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/24-25 തിയ്യതി 29-09-25) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും, വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 24,16,900/-രൂപ തടസ്സത്തിൽ വെക്കുന്നു.

1-8 മുൻകൂർ തുക ക്രമീകരിച്ചില്ല

പ്രൊജക്ട് നം. 20/25, കേരളോൽസവം 2024

അടങ്കൽ - 1,00,000/-(തനത് ഫണ്ട് 100000)

ചെലവ് തുക-1,00,000/-

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ബിൽ സാങ്ഷൻ നം.308/26-11-2024 – 1,00,000/-

മേൽ പ്രൊജക്ട് പ്രകാരം കേരളോൽസവം 2024 മൽസരങ്ങൾ സംഘടിപ്പിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 26/11/2024 ലെ LSGD/BP/MLD(KKD)/256/2024-B നമ്പർ പ്രൊസീഡിങ്സ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.രജീഷ് സി.കെ യ്ക്ക് മുൻകൂറായി (A/C No.67800498622, SBI Meppayur) 26-11-2024 ൽ ഒരു

ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. തുടർന്ന് മൽസരങ്ങൾ സംഘടിപ്പിച്ച ശേഷം 1,33,319/-രൂപയുടെ വൗച്ചറുകൾ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും തുക ക്രമീകരിച്ച് ഉത്തരവായിട്ടില്ല. മുൻകൂർ തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (4/2024-25, തീയതി 03/10/2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം പരിഹരിക്കാൻ നടപടികൾ സ്വികരിക്കേണ്ടതാണ്.

## 1-9 പഠനമുറി നിർമാണം പദ്ധതി - അപാകങ്ങൾ

1) 28.05.2022-ലെ സ.ഉ(കൈ)115/2022/LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.13 പ്രകാരം പട്ടിക ജാതി വിദ്യാർഥികൾക്ക് വീടിനോടനുബന്ധിച്ച് സൗകര്യമുണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോടു ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. എന്നാൽ ശ്രീ.ബബീഷ്, മാടത്തിൽ മീത്തൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 8/34-ബി നമ്പർ കെട്ടിടത്തിന് Stair ഉൾപ്പെടെ 968.32 ചതുരശ്ര അടി (89.96 ച.മീ) വിസ്തീർണമുണ്ടെന്ന് 27.09.2023-ലെ എസ്.സി.3-2972/23 നമ്പർ പ്രകാരം തുറയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളതാണ്. പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ നിർമ്മിച്ച വീടിന്റെ അംഗീകൃത പ്ലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിലവിലുള്ള വീടിന്റെയോ/ നിർമ്മിക്കാനുദ്ദേശിക്കുന്ന മുറിയുടെയോ അളവുകൾ സർക്കാർ നിർദ്ദേശനുസൃതമാണെന്ന് എപ്രകാരമാണ് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയതെന്ന് വ്യക്തമല്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതു വരെ പഠന മുറിയുടെ നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് തീയതി | അർഹമായ ധനസഹായം | നാളിതു വരെ കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഷിബു എ.സി. മേപ്പയ്യൂർ വാർഡ്-11 | 04.09.24 | 200000 | 170000 | നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 2 | പ്രശാന്ത് എസ്.ആർ കീഴരിയൂർ,വാർഡ്-11 | 04.09.24 | 200000 | 170000 | നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പഠനമുറി നിർമാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-10 സി.എച്ച്.സി മേലടി ഉപകരണങ്ങൾ വാങ്ങൽ പദ്ധതി -അപാകം

| | |
|---|---|
| പദ്ധതി നം. | 73/25 |
| പ്രൊജക്ട് | സി.എച്ച്.സി മേലടി ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 4,85,000/- |
| ചെലവ് | 5,14,453/-(സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം) |
| ബിൽ നം/തീയതി | 262/03.09.2024 – 61454/- |

| | |
|---|---|
| | 356/10.01.2025 - 11975/-<br>408/22.02.2025- 34000/-<br>481/14.03.2025 – 12800/-<br>485/15.03.2025 – 27190/-<br>497/18.03.2025 – 60636/-<br>434/10.03.2025 – 44900/-<br>410/22.02.2025 – 87360/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച് സി |

സി.എച്ച്.സി. യിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം പദ്ധതിയുടെ അടങ്കൽ 4,85,000/- രൂപ എന്നിരിക്കെ 514453/- രൂപയുടെ ചെലവ് വന്നതായി കാണുന്നു. എന്നാൽ 3,40,315/- രൂപയുടെ വൗച്ചറുകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. അടങ്കൽ തുകയേക്കാൾ ചെലവ് തുക വരാനുണ്ടായ കാരണം സംബന്ധിച്ചും വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/2024-25 തീയതി 03.10.2025) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ലഭ്യമാക്കാത്ത വൗച്ചറുകളുടെ ചെലവ് തുക 1,74,138/- രൂപ തടസ്സം ചെയ്യുന്നു.

## 1-11 പാലിയേറ്റീവ് കെയർ പദ്ധതി-അപാകങ്ങൾ

| | |
|---|---|
| പദ്ധതി നം. | 29/2024-25 |
| പ്രൊജക്റ്റ് | സെക്കണ്ടറി പാലിയേറ്റീവ് കെയർ പദ്ധതി |
| അടങ്കൽ | 3,11,947/- |
| ചെലവ് | 3,11,947/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |

സെക്കണ്ടറി പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 2024-25 ജൂലൈ മാസത്തെ ഭക്ഷണ അലവൻസ് ഇനത്തിൽ പാലിയേറ്റീവ് നേഴ്സ് ശ്രീമതി.മോവിഡ.വി.എം എന്നവർക്ക് (ബിൽ നം.255/29.08.2024, 18760/-) 4160/- രൂപ അനുവദിച്ചിട്ടുണ്ട്. തുടർന്ന് ബിൽ നം 496/18.03.2025 പ്രകാരം 2024 ജൂലൈ മാസത്തെ ഭക്ഷണ അലവൻസ് ഇനത്തിൽ 4,160/-രൂപ വീണ്ടും അനുവദിച്ചതായി കാണുന്നു. കൂടാതെ പാലിയേറ്റീവ് ഡ്രൈവർ ശ്രീ.ബിജു.വി.കെ. എന്നവർക്ക് 2024 നവംബർ മാസത്തെ വേതനം ബിൽ നം 317/11.12.2024 പ്രകാരം (17*730) 12,410/-രൂപയും 332/26.12.2024 പ്രകാരം (15*730) 10,950/-രൂപയും നൽകിയതായുള്ള വൗച്ചറുകളാണ് പരിശോധനക്ക് ലഭ്യമാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (8/2024-25 തീയതി 03.10.2025) മറുപടി ലഭ്യമാക്കിയില്ല. അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 15,110/-(4160+10950) തടസ്സത്തിൽ വെക്കുന്നു.

## 1-12 എക്സ്ട്രായിനത്തിന്റെ നിരക്ക് കണക്കാക്കിയതിലെ അപാകം - കരാറുകാരന് അധികതുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർവഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതിയ ഇനങ്ങൾ ഉൾപ്പെടുത്തിയപ്പോൾ

എക്സ്ട്രായിനമായി ഉൾപ്പെടുത്തിയ ഇനങ്ങളുടെ ടെണ്ടർ കുറവ് കണക്കാക്കിയതിൽ അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. അതിനാൽ തന്നെ എക്സ്ട്രായിനമായി ഉൾപ്പെടുത്തിയ എല്ലായിനങ്ങൾക്കും ഈ ടെണ്ടർ കുറവ് കണക്കാക്കേണ്ടതുണ്ട്. എന്നാൽ എക്സ്ട്രായിനമായി ഉൾപ്പെടുത്തിയ ഇനങ്ങളുടെ ടെണ്ടർ കുറവ് കണക്കാക്കിയപ്പോൾ, മാർക്കറ്റ് വില ഒഴികെയുള്ള നിരക്കിനാണ് കുറവ് കണക്കാക്കിയത്. പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1. <u>ബ്ലോക്ക് തല പൊതു ജനാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ</u>

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ/പേര് | 122/25(സ്പിൽ ഓവർ), |
| അടങ്കൽ | 18,00,000/- ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | 10,25,509/- ബിൽ നം. 291/30.3.2024<br>6,32,743/- ബിൽ നം. 498/18.3.2025 |
| കരാറുകാരൻ | MLCCS |
| എസ്റ്റിമേററ് നം. | 89971/23 |
| ടെണ്ടർ നിരക്ക് | 7.7% കുറവ് |

മേലടി സി.എച്ച്.സിയിലെ കോൺഫറൻസ് ഹാൾ കെട്ടിടം നവീകരിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. 19 ഇനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 50 പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി. ഫാൾസ് സീലിംഗ് പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയപ്പോൾ ഷീറ്റിന്റെ മാർക്കറ്റ് നിരക്ക് ഒഴികെയുള്ള തുകയ്ക്ക് ടെണ്ടർ കുറവ് കണക്കാക്കിയതിനാൽ 16,678/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

2. <u>മേലടി സി.എച്ച്.സി നവീകരണം</u>

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ/പേര് | 105/25(സ്പിൽ ഓവർ), |
| അടങ്കൽ | 46,94,915/- സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | 15,63,223/- ബിൽ നം. 186/21.3.2024<br>7,15,494/- ബിൽ നം. 260/31.8.2024<br>15,08,441/- ബിൽ നം. 399/14.2.2025 |
| കരാറുകാരൻ | നിഷാദ്.എം |
| എസ്റ്റിമേററ് നം. | 55478/23 |
| ടെണ്ടർ നിരക്ക് | 17.23% കുറവ് |

മേലടി സി.എച്ച്.സിയിലെ നിലവിലുള്ള ചുറ്റുമതിൽ പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുക, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. 52 ഇനങ്ങൾ

ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് പിന്നീട് 32 പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി റിവൈസ് ചെയ്തിട്ടുണ്ട്. പുതിയ ഇനങ്ങളുടെ നിരക്ക് കണക്കാക്കിയപ്പോൾ മാർക്കറ്റ് നിരക്ക് ഒഴികെയുള്ള തുകയ്ക്ക് ടെണ്ടർ കുറവ് കണക്കാക്കിയതിനാൽ 36,231/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

എക്സ്ട്രാ ഇനങ്ങളുടെ നിരക്ക് കണക്കാക്കിയതിലെ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/3.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത്തിന് വിശദീകരണം നൽകേണ്ടതും, ക്രമ നം. 1 പ്രകാരം അധികം നൽകിയ 16,678/-രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായും ക്രമ നം. 2 പ്രകാരം അധികം നൽകിയ 36,231/- രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അംഗീകാരം നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായും ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-13 വയോജന കേന്ദ്രം സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ/പേര് | 108/25 |
| അടങ്കൽ | 3,00,000/- CFC (Basic Grant) |
| ചെലവ് | 1,50,990/- ബിൽ നം. 401/15.2.2025 |

ബ്ലോക്ക് ഓഫീസ് കെട്ടിടത്തിനോട് ചേർന്ന് വനിതാ കാന്റീൻ പ്രവർത്തിക്കുന്ന കെട്ടിടത്തിലെ 2 മുറികൾ വയോജന കേന്ദ്രമാക്കി മാറ്റുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയത്. വയോജനങ്ങൾക്ക് പ്രാധാന്യം നൽകി വിശ്രമകേന്ദ്രവും വായനശാലയും ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രൊജക്ട് പ്രകാരം കെട്ടിടത്തിന്റെ നിലം ടൈൽ പാകൽ, അലുമിനിയം പാർട്ടീഷ്യൻ പ്രവൃത്തികൾ, പെയിന്റിംഗ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. സ.ഉ.(കൈ)നം. 84/22/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.5(7) പ്രകാരം വയോജനകേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ അതിന്റെ നടത്തിപ്പ് സംവിധാനം, ആവർത്തന ചെലവുകൾ എങ്ങനെ കണ്ടെത്തും തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ പദ്ധതി റിപ്പോർട്ട് കൂടി സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് അത്തരത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. നിലവിൽ വയോജനകേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടില്ല. വായനശാലയിലേക്ക് കുറച്ചു പുസ്തകങ്ങൾ സംഭാവനയായി ലഭിച്ചിട്ടുണ്ടെങ്കിലും പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. അപാകം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/3.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വയോജനകേന്ദ്രത്തിന്റെ നടത്തിപ്പ് സംവിധാനം, ആവർത്തന ചെലവുകൾ എങ്ങനെ കണ്ടെത്തും തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ പദ്ധതി റിപ്പോർട്ട്, പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-14 കൈപ്പാട് കൃഷി വികസനം - രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| പ്രൊജക്ട് നമ്പർ/പേര് | 1. 47/25<br>2. 72/25 (സ്പിൽ ഓവർ) |
| ചെലവ് | 2,59,200/- ബിൽ നം. 467/13.03.2025<br>80,000/- ബിൽ നം. 267/06.08.2024 |

മേലടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കൈപ്പാട് സ്ഥിരം കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 32,000/-രൂപ നിരക്കിൽ പാടശേഖരസമിതികൾ/ഗ്രൂപ്പുകൾ മുഖേന കൂലിച്ചെലവ് നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. മേൽ പ്രൊജക്ടുകൾ പ്രകാരം 3,39,200/-രൂപ അകലാപ്പുഴ കോൾനിലം പാടശേഖരസമിതിയ്ക്ക് നൽകിയിട്ടുണ്ട്. കൃഷിക്കായി നിലമൊരുക്കിയതിനുള്ള ചെലവായാണ് തുക

നൽകിയിട്ടുള്ളത്. സ്ഥിരം കൃഷിക്ക് സബ്സിഡി അനുവദിക്കുമ്പോൾ പാട്ടകൃഷിയാണെങ്കിൽ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതാണെന്ന നിർവഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് വേണ്ടതാണ്. കൂടാതെ പാട്ടത്തിനെടുത്ത ഭൂമി കുടുംബാഗങ്ങൾ, ബന്ധുക്കൾ എന്നിവരുടേതാകരുത്. എന്നാൽ മേൽ പ്രൊജക്ട് പ്രകാരം സബ്സിഡി തുക ലഭിച്ച അകലാപ്പുഴ കോൾനിലം പാടശേഖരസമിതി തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയതായി മോണിട്ടറിംഗ് സമിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പാടശേഖരസമിതിയ്ക്ക് തുക അനുവദിക്കുന്നതിന് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.4/03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ ചെലവ് തുക 3,39,200/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-15 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

പഞ്ചായത്തുകളെ സ്വയംഭരണ സ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനായി നിയമം വഴി ആവശ്യമായ അധികാരങ്ങളും അധികാരശക്തിയും നൽകുന്നതിന് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243(ജി) യിൽ നിർദ്ദേശിക്കുകയും അതു പ്രകാരം സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ മണ്ഡലങ്ങൾക്ക് പഞ്ചായത്തുകളെ ഏൽപ്പിക്കാവുന്ന പദ്ധതികൾ ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ വിവരിക്കുകയും ചെയ്തിട്ടുള്ളതാണ്. പതിനൊന്നാം പട്ടികയിലെ ക്രമ നം. 23 പ്രകാരം സംസ്ഥാനങ്ങൾ ആശുപത്രികളും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, ഡിസ്പെൻസറികളും ഉൾപ്പെടുന്ന ആരോഗ്യ-ശുചിത്വമേഖലയുടെ ചുമതല പഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം കേരള സർക്കാർ മേൽപ്പറഞ്ഞ ചുമതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം എല്ലാതരം ചികിൽസാ സമ്പ്രദായങ്ങളിലുംപെടുന്ന ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും നടത്തുക എന്നുള്ളത് (മൂന്നാം പട്ടികയിലെ ക്രമ.നം. സി.XII.1) ഗ്രാമപഞ്ചായത്തുകളുടെയും, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക എന്നുള്ളത് (നാലാം പട്ടികയിലെ ക്രമ നം. ബി.X) ബ്ലോക്ക് പഞ്ചായത്തുകളുടെയും, ജില്ലാ ആശുപത്രികൾ നിയന്ത്രിക്കുക എന്നുള്ളത് (അഞ്ചാം പട്ടികയിലെ ക്രമ നം. ബി.Xi.1) ജില്ലാ പഞ്ചായത്തിന്റെയും ചുമതലയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമികാരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ചു വർഷ കാലയളവിലേക്കായി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2968.28 കോടി രൂപയാണ് ഗ്രാന്റായി അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ നൽകുന്നതിനും ലക്ഷ്യമിട്ട് നവകേരളം കർമ്മപരിപാടിയുടെ ഭാഗമായി ആർദ്രം മിഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. ധനകാര്യ കമ്മീഷൻ അവാർഡ് വഴി ലഭിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിനായി ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരള സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ വിവിധ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

| ക്രമ നം | ഉത്തരവ്/സർക്കുലർ |
|---|---|
| 1 | സ.ഉ (സാധാ) നം. 2132/2022/ത.സ്വ.ഭ.വ തീയതി 31.08.2022 |

| | |
|---|---|
| 2 | സ.ഉ (സാധാ) നം. 2156/2022/ത.സ്വ.ഭ.വ തീയതി 01.09.2022 |
| 3 | സ.ഉ (സാധാ) നം. 3157/2022/ത.സ്വ.ഭ.വ തീയതി 21.12.2022 |
| 4 | സർക്കുലർ നം. എഫ്.എം3/138/2023/ ത.സ്വ.ഭ.വ തീയതി 23.05.2023 |
| 5 | സ.ഉ (സാധാ) നം. 1625/2023/ത.സ്വ.ഭ.വ തീയതി 09.08.2023 |

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം ആറ് സ്കീമുകൾക്കായാണ് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അവയിൽ സ്കീം 1,2,3,4 എന്നിവ പഞ്ചായത്തുകൾക്കും സ്കീം 5, 6 എന്നിവ നഗരഭരണ സ്ഥാപനങ്ങൾക്കും ബാധകമായവയാണ്. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട സ്കീമുകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| സ്കീം | വിശദാംശം |
|---|---|
| 1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം |
| 2 | ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം |
| 3 | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| 4 | ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |

മേൽപ്പറഞ്ഞവയിൽ സ്കീം 2 പ്രകാരമുള്ള ഗ്രാന്റുകളാണ് ബ്ലോക്ക്പഞ്ചായത്തുകൾക്ക് ലഭിക്കുന്നത്. ബ്ലോക്ക്പഞ്ചായത്തുകൾക്ക് ഗ്രാന്റ് ലഭിക്കുന്ന അഞ്ചു വർഷ കാലാവധിയിലെ നാലു വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ മേലടി ബ്ലോക്ക്പഞ്ചായത്തിന് ലഭിച്ച ആരോഗ്യമേഖലാ ഗ്രാന്റിനെയും, ആയതിന്റെ വിനിയോഗത്തിനെയും, ഫലപ്രാപ്തിയെയും സംബന്ധിച്ച കാര്യങ്ങൾ ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. ഇതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് വരവും വിനിയോഗവും

മേലടി ബ്ലോക്ക്പഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ ലഭ്യമായ ആരോഗ്യ മേഖലാ ഗ്രാന്റിനെയും ആയതിന്റെ വിനിയോഗത്തെയും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| സ്കീം | ലഭിച്ച തുക | | | | | ചെലവഴിച്ച ആകെ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ | | |
| 2 | 0 | 0 | 2757000 | 4217000 | 6974000 | 3243502 | 3730498 |
| ആകെ | 0 | 0 | 2757000 | 4217000 | 6974000 | 3243502 | 3730498 |

ബ്ലോക്ക്പഞ്ചായത്തിന് വിവിധ സ്കീമുകളിലായി നാളിതുവരെ ലഭിച്ച ആരോഗ്യമേഖലാ ഗ്രാന്റിന്റെ ചെലവ് ശതമാനത്തെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| സ്കീം | 31.03.2025 വരെ ലഭിച്ച ആകെ തുക | 31.03.2025 വരെ ചെലവഴിച്ച ആകെ തുക | ചെലവ് ശതമാനം |
|---|---|---|---|
| 2 | 6974000 | 3243502 | 46.5% |

സ്കീം 2 പ്രകാരം ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം ഇനത്തിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ബ്ലോക്ക്പഞ്ചായത്തിന് 31.03.2025 വരെ ലഭിച്ച ആകെ ഗ്രാന്റിന്റെ പകുതിയോളം തുക (46.5%) മാത്രമേ നാളിതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആരോഗ്യമേഖലാ ഗ്രാന്റ്

വിനിയോഗത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

2. ബാങ്ക് അക്കൗണ്ടുകൾ

ആരോഗ്യമേഖലാ ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനായി മേലടി ബ്ലോക്ക്പഞ്ചായത്ത് പയ്യോളി ശാഖയിൽ കാനറാ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പലിശ ഇനത്തിൽ ലഭ്യമായ തുക ഉൾപ്പെടെ 42,14,467/-രൂപ 31.03.2025ന് പ്രസ്തുത ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. നീക്കിയിരിപ്പ് തുക ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുമായി (ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ) പൊരുത്തപ്പെടുന്നുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| സ്കീം | അക്കൗണ്ട് നം. | 31.03.2025 ലെ നീക്കിയിരിപ്പ് |
|---|---|---|
| 2 | 110027557881 | 4214467<br>(നാളിതു വരെ ലഭിച്ച പലിശ ഉൾപ്പെടെ) |

3. പദ്ധതികൾ

ആരോഗ്യമേഖല ഗ്രാന്റ് വകയിരുത്തി സ്കീം 2 ൽ മേലടി ബ്ലോക്ക്പഞ്ചായത്തിൽ ആസൂത്രണം ചെയ്തതും നടപ്പാക്കിയതുമായ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

സ്കീം 2-ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

| ക്രമ നം | വർഷം | പ്രൊജക്ട് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 2023-24 | ആരോഗ്യ പ്രവർത്തനത്തിനായി ഉപകരണങ്ങൾ വാങ്ങൽ | 4570000 | 454375 |
| 2 | 2023-24 | 96/22-23<br>ലാബ് പ്രവർത്തന ചെലവുകൾ | 300000 | 299219 |
| 3 | 2024-25 | 94/22-23<br>ലബോറട്ടറിയിലേക്കുള്ള റിയേജന്റുകൾ വാങ്ങൽ | 139921 | 139854 |
| 4 | 2024-25 | ലബോറട്ടറി ഉപകരണങ്ങൾ പാശ്ചാത്തല സൗകര്യമൊരുക്കൽ | 1100000 | 92700 |
| 5 | 2023-24 | ലബോറട്ടറിയിലേക്കുള്ള റിയേജന്റുകൾ വാങ്ങൽ, മറ്റ് ചെലവുകൾ | 600000 | 18480 |
| | | ആകെ ചെലവ് | | 1004628 |

4. വിശകലനവും നിർദ്ദേശങ്ങളും

ആരോഗ്യമേഖല ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ചത് പ്രകാരമുള്ള നിർവഹണ ഉദ്യോഗസ്ഥൻ തന്നെയാണ് പ്രൊജക്ടുകൾ നടപ്പാക്കി വരുന്നത്. ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം പ്രകാരമുള്ള പദ്ധതി അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി, മെഡിക്കൽ ഓഫീസർ എന്നിവരാണ് നിർവഹിക്കുന്നത്.

സ്കീം-2 പ്രകാരം പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം ഏർപ്പെടുത്തുന്നതിനായി ആകെ 5 പ്രൊജക്ടുകളാണ് ബ്ലോക്ക്പഞ്ചായത്ത് ഇതുവരെ ആവിഷ്കരിച്ചിട്ടുള്ളത്. ഇതിൽ പലതും തൻവർഷം പൂർത്തീകരിക്കപ്പെടാതെ സ്പിൽ ഓവർ ആയിട്ടുണ്ട്.

ബ്ലോക്ക്പഞ്ചായത്തിന് 31.03.2025 വരെ ലഭിച്ച ആകെ ഗ്രാന്റിന്റെ പകുതിയോളം (46.5%) തുക

മാത്രമേ നാളിതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

സാമ്പത്തിക വർഷാവസാനത്തിൽ മാത്രമാണ് ഓരോ വർഷത്തെയും ഗ്രാന്റുകൾ ബ്ലോക്ക്പഞ്ചായത്തിന് ലഭ്യമാകുന്നത് എന്നതിനാൽ പദ്ധതികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിലേക്ക് നീണ്ടുപോകുന്ന സാഹചര്യമുണ്ട്. യഥാസമയം ഗ്രാന്റ് ലഭ്യമാവുന്ന പക്ഷം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. സ്കീം 2 പ്രകാരം ഓരോ തദ്ദേശസ്ഥാപനത്തിലെയും പൊതുജനാരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രാദേശിക സാഹചര്യമനുസരിച്ചുള്ള നവീന പദ്ധതികൾ നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാവുന്നത് ഗ്രാന്റ് വിനിയോഗം ഫലപ്രദമാകുന്നതിന് സഹായകരമായിക്കും.

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ലഭിച്ച ഗ്രാന്റ് സമയബന്ധിതമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാൽ ഗ്രാന്റ് തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക്പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലയിലെ വർക്കിങ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ നേരിൽ സന്ദർശിച്ച് സൗകര്യങ്ങളും ആവശ്യകതകളും വിലയിരുത്തി ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ഫലപ്രദമായ പ്രൊജക്ടുകൾക്ക് രൂപം നൽകുന്നതിന് അത്തരം നിർദ്ദേശങ്ങൾ സഹായകമാകുന്നതാണ്. പ്രൊജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിലും, രൂപീകരിക്കുന്ന പ്രൊജക്ടുകളുടെ നിർവഹണ നടപടികൾ നിരീക്ഷിക്കുന്നതിലും, ഫലപ്രാപ്തിയിലെത്തിക്കുന്നതിലും ആരോഗ്യമേഖലാ വർക്കിങ് ഗ്രൂപ്പിന്റെയും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും സജീവമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എക്സ്ട്രായിനത്തിന്റെ നിരക്ക് കണക്കാക്കിയതിലെ അപാകം - കരാറുകാരന് അധികതുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർവഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതിയ ഇനങ്ങൾ ഉൾപ്പെടുത്തിയപ്പോൾ എക്സ്ട്രായിനമായി ഉൾപ്പെടുത്തിയ ഇനങ്ങളുടെ ടെണ്ടർ കുറവ് കണക്കാക്കിയതിൽ അപാകം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. അതിനാൽ തന്നെ എക്സ്ട്രായിനമായി ഉൾപ്പെടുത്തിയ എല്ലായിനങ്ങൾക്കും ഈ ടെണ്ടർ കുറവ് കണക്കാക്കേണ്ടതുണ്ട്. എന്നാൽ എക്സ്ട്രായിനമായി ഉൾപ്പെടുത്തിയ ഇനങ്ങളുടെ ടെണ്ടർ കുറവ് കണക്കാക്കിയപ്പോൾ, മാർക്കറ്റ് വില ഒഴികെയുള്ള നിരക്കിനാണ് കുറവ് കണക്കാക്കിയത്. പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1. ബ്ലോക്ക് തല പൊതു ജനാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ/പേര് | 122/25(സ്പിൽ ഓവർ), |
| അടങ്കൽ | 18,00,000/- ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | 10,25,509/- ബിൽ നം. 291/30.3.2024<br>6,32,743/- ബിൽ നം. 498/18.3.2025 |
| കരാറുകാരൻ | MLCCS |
| എസ്റ്റിമേററ് നം. | 89971/23 |
| ടെണ്ടർ നിരക്ക് | 7.7% കുറവ് |

മേലടി സി.എച്ച്.സിയിലെ കോൺഫറൻസ് ഹാൾ കെട്ടിടം നവീകരിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. 19 ഇനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 50 പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി. ഫാൾസ് സീലിംഗ് പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയപ്പോൾ ഷീറ്റിന്റെ മാർക്കറ്റ് നിരക്ക് ഒഴികെയുള്ള തുകയ്ക്ക് ടെണ്ടർ കുറവ് കണക്കാക്കിയതിനാൽ താഴെ പറയും പ്രകാരം 16,678/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

| എക്സ്ട്രാ ഇനം | അടിസ്ഥാന നിരക്ക് | കരാറുകാരന് നൽകിയ നിരക്ക്/ തുക | യഥാർത്ഥത്തിൽ നൽകേണ്ട നിരക്ക്/ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 14. OD426398/ 2023-2024<br>Providing And Fixing False Ceiling At All Height Including Providing And Fixing Of Frame Work Made Of Special Sections,Power Pressed From M.S. Sheets And Galvanized With Zinc | 1395.45/- | 1395.45 - 41.72 = 1353.73 /-<br>$215.036m^2$x1353.73= 2,91,100.68/-<br>GST 18% = 52,398.12/-<br>Total = 3,43,498.80/- | 1395.45 - 107.45 = 1288 /-<br>215.036 $M^2$ X 1288 = 2,76,966.37/-<br>GST 18% = 49,853.95/-<br>Total = 3,26,820.32/- | 16,678/- |

2. മേലടി സിഎച്ച് സി നവീകരണം

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ/പേര് | 105/25(സ്പിൽ ഓവർ), |
| അടങ്കൽ | 46,94,915/- സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) |
| ചെലവ് | 15,63,223/- ബിൽ നം. 186/21.3.2024<br>7,15,494/- ബിൽ നം. 260/31.8.2024 |

| | |
|---|---|
| | 15,08,441/- ബിൽ നം. 399/14.2.2025 |
| കരാറുകാരൻ | നിഷാദ്.എം |
| എസ്റ്റിമേററ് നം. | 55478/23 |
| ടെണ്ടർ നിരക്ക് | 17.23% കുറവ് |

മേലടി സി.എച്ച്.സിയിലെ നിലവിലുള്ള ചുറ്റമതിൽ പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുക, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. 52 ഇനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് പിന്നീട് 32 പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി റിവൈസ് ചെയ്തിട്ടുണ്ട്. പുതിയ ഇനങ്ങളുടെ നിരക്ക് കണക്കാക്കിയപ്പോൾ മാർക്കറ്റ് നിരക്ക് ഒഴികെയുള്ള തുകയ്ക്ക് ടെണ്ടർ കുറവ് കണക്കാക്കിയതിനാൽ താഴെ പറയും പ്രകാരം 36,231/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

| എക്സ്ട്രാ ഇനം | അടിസ്ഥാന നിരക്ക് | കരാറുകാരന് നൽകിയ നിരക്ക്/ തുക | യഥാർത്ഥത്തിൽ നൽകേണ്ട നിരക്ക്/ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| E7 - OD386827/2023-2024<br>Supplying,Fabricating And Erecting PVC Door Shutter Excluding Frame In Locality Available Best Quality Materials ... | 2580.26 | 2580.26 –154.82 = 2425.44 /-<br>9.991m$^2$x2425.44= 24,232.57/-<br>GST 18% =4361.86/-<br>Total = 28,594.43/- | 2580.26 - 444.58 = 2135.68 /-<br>9.991m$^2$ X 2135.68 = 21337.58/-<br>GST 18% = 3840.76/-<br>Total = 25178.34/- | 3,416/- |
| E13 - 50.6.1.8<br>Solid Block Masonry Using Pre Cast Solid Blocks (Factory Made) Of Size 40x20x15cm Or Nearest Available Size | 6994.23/- | 6994.23- 658.76 = 6335.47/-<br>12.931m$^3$x6335.47= 81,923.96/-<br>GST 18% =14,746.31/-<br>Total = 96,670.27/- | 6994.23 - 1205.10 = 5789.13 /-<br>12.931m$^3$ X 5789.13 = 74859.24/-<br>GST 18% = 13,474.66/-<br>Total = 88,333.9/- | 8,336/- |
| E15 - 51.2.3<br>Filling With Quarry Muck Filling Up Low Lying And Water Logged Areas With Local Material/ Quarry | 902.54 /- | 902.54 – 5.41 = 897.13 /-<br>23.534m$^3$ X 897.13 = 21,113.06/-<br>GST 18% = 3,800.35/- | 902.54 - 155.51 = 747.03/-<br>23.534m$^3$ X 747.03 = 17580.60/-<br>GST 18% = | 4,168/- |

| | | | | |
|---|---|---|---|---|
| Muck | | Total = 24,913.41/- | 3,164.51/- Total = 20,745.11/- | |
| E19 - OD50524/2024-2025 Providing And Fixing GI Wire Mesh Of Grid Size 50x50 Mm Having Wire Dia 2 Mm Including All Necessary Accessories | 645.74 | 645.74 - 52.42 = 593.32/- <br> 51.051m$^2$x593.32 = 30,289.58/- <br> GST 18% = 5452.12/- <br> Total = 35,741.70/- | 645.74 - 111.26 = 534.48/- <br> 51.051m$^2$ X 534.48 = 27,285.74/- <br> GST 18% = 4,911.43/- <br> Total = 32,197.17/- | 3,545/- |
| E22 - 50.6.1.7 Solid Block Masonry Using Pre Cast Solid Blocks ( Factory Made) Of Size 40x20x15cm Or Nearest Available Size | 6242.33/- | 6242.33 – 529.21= 5713.12/- <br> 6.283m$^3$x 5713.12 = 35895.53/- <br> GST 18% = 6461.19/- <br> Total = 42,356.72/- | 6242.33 - 1075.55 = 5166.78/- <br> 6.283m$^3$ X 5166.78 = 32462.88/- <br> GST 18% = 5843.31/- <br> Total = 38306.19/- | 4050/- |
| E23 - OD233280/2024-2025 Providing And Fixing False Ceiling Of Approved Materials Of Size 595x595 Mm In True Horizontal Level, | 1518.95/- | 1518.95 – 131.57 = 1387.38/- <br> 82.805m$^2$ X 1387.38 = 114882/- <br> GST 18% = 20678.76/- <br> Total = 135560.76/- | 1518.95 - 261.71 = 1257.24/- <br> 82.805m$^2$ X 1257.24 = 104105.76/- <br> GST 18% = 18739.03/- <br> Total = 122844.79/- | 12716/- |
| | | ആകെ | | 36,231/- |

എക്സ്ട്രാ ഇനങ്ങളുടെ നിരക്ക് കണക്കാക്കിയതിലെ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/3.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത്തിന് വിശദീകരണം നൽകേണ്ടതും, ക്രമ നം.1 പ്രകാരം അധികം നൽകിയ 16,678/-രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായും ക്രമ നം. 2 പ്രകാരം അധികം നൽകിയ 36,231/- രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അംഗീകാരം നൽകിയ എക്സിക്യൂട്ടീവ്

എഞ്ചിനീയർ, നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായും ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | 588000 | പി.എം.ഐ.എവൈ ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ-ജനറൽ | 588000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2024-25 | 191369 | പി.എം.ഐ.എ.വൈ ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ-ജനറൽ | 191369 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 68000 | പി.എം.ഐ.എ.വൈ ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ-എസ്.സി. | 68000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2024-25 | 70000 | പി.എം.ഐ.എ.വൈ ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ-എസ്.സി. | 70000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2024-25 | 210000 | പി.എം.ഐ.എ.വൈ. എസ്.സി.പി.വിഹിതം നൽകൽ | 210000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് | നവീന മുക്ക് അരീക്കര റോഡ് | XVFC/2024-25/ P/25/06.01.25 XVFC/2024-25/ P/26/09.01.25 | 500000 | 0 | 500000 |
| കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് | നടുക്കണ്ടി ക്ഷേത്രംകൊല്ലിയിൽ മുക്ക് റോഡ് | XVFC/2024-25/ P/21/30.10.24 XVFC/2024-25/ P/23/11.11.24 | 550000 | 0 | 550000 |
| ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | MRF സെന്റർ കുഴൽകിണർ നിർമാണം | MB239808(LGTSB) | 5000 | 0 | 5000 |
| ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | MRF സെന്റർ കുഴൽകിണർ നിർമാണം | 049426-SCB,Payyoli | 19674 | 0 | 19674 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/ തീയതി |
|---|---|---|---|---|
| 2023-24 | ഖ. 1-19 | 7,418/- | അസിസ്റ്റന്റ് എഞ്ചിനീയർ | 03.01.2025 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | 11.14 | ടൂറിസം വികസനം - പദ്ധതി നടപ്പിലായില്ല | LFAC(2004-06) 14-ാമത് റിപ്പോർട്ട് ഖണ്ഡിക 8 ബോട്ട് സർവ്വീസ് ആരംഭിക്കാനുള്ള തീരുമാനം കൈക്കൊള്ളണം. 2 മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണം. |
| 2003-04 | 3-3 | 2005-06 | 2.69.1 | കേരള വികസന പദ്ധതി – നിർദ്ദേശങ്ങൾ ലംഘിച്ചു | LFAC(16-19) 25-ാമത് റിപ്പോർട്ട്, ഖണ്ഡിക 21 പാഴ്ചെലവ് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കാൻ ശുപാർശ. |
| 2017-18 | 3-3 | 2018-19 | | സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ ബ്ലോക്ക് തല എം.ആർ. എഫ് സെന്റർ സ്ഥാപിക്കാനായില്ല | തുടരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66478375 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62590175 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 52909/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2945348 |

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
| 3-1 | -- | 20416 | ശ്രീമതി.അശ്വതി ശ്രീധർ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | | 20416 | ശ്രീമതി.സുജിന കെ.വി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-1 | | 12077 | ദീപ്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | ആകെ | 52909 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-7 | 550000 | ശ്രീ.ജോബി സാലസ്, സെക്രട്ടറി, |
| 1-7 | 1866900 | ശ്രീ.ബിനു ജോസ്, സെക്രട്ടറി |
| 1-10 | 174138 | ശ്രീമതി.വീണ വി എം, മെഡിക്കൽ ഓഫീസർ , സി.എച്ച്.സി |

| | | |
|---|---|---|
| 1-11 | 15110 | ശ്രീമതി.വീണ വി എം,<br>മെഡിക്കൽ ഓഫീസർ , സി.എച്ച്.സി |
| 1-14 | 80000 | ശ്രീമതി.വിജയലക്ഷ്മി സി.എച്ച്<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 1-14 | 259200 | ശ്രീമതി.ഡോണ കരുപ്പാളി<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| ആകെ | 29,45,348 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോബി സാലസ്,<br>സെക്രട്ടറി, | സെക്രട്ടറി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | ചെമ്പുകെട്ടിക്കൽ<br>കുമ്പാറ,<br>കുമ്പാറ ബസാർ, കൂടരഞ്ഞി,<br>കോഴിക്കോട്,673604 |
| ശ്രീ ബിന്ദു ജോസ്,സെക്രട്ടറി | സെക്രട്ടറി,<br>മേലടി ബ്ലോക്ക് പഞ്ചായത്ത് | താന്നിയാനിക്കൽ(വീട്)<br>കൂരാച്ചുണ്ട് പി.ഒ<br>കോഴിക്കോട്,673527 |
| ശ്രീമതി വിജയലക്ഷ്മി സി.എച്ച് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ<br>അഗ്രികൾച്ചർ<br>അഗ്രികൾച്ചർ അഗ്രി വേങ്ങേരി | മോഹനപുരം,സിദ്ധസമാജം<br>പി.ഒ. വടകര,673104 |
| ശ്രീമതി.ഡോണ കരുപ്പാളി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ<br>അഗ്രികൾച്ചർ<br>അഗ്രികൾച്ചർ അഗ്രി വേങ്ങേരി | മനത്താനത്ത്,നിയർ<br>കെ.പി.പി.എച്ച്,അയനിക്കാട്,<br>673521 |
| ശ്രീമതി സുജിന കെ. വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>LSGD സബ്ഡിവിഷൻ, മേലടി | കുവക്കാട്ടിൽ, അന്നനാട് പി.ഒ.<br>തൃശ്ശൂർ,680309 |
| ശ്രീമതി. അശ്വതി ശ്രീധർ,<br>അസിസ്റ്റന്റ്എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി സബ് ഡിവിഷൻ,മേലടി | ചെറുവത്ത് മീത്തൽ,<br>മേപ്പയ്യൂർ പി.ഒ, മേപ്പയ്യൂർ,<br>673524 |
| ശ്രീമതി. ദീപ്തി കെ,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>കോഴിക്കോട് ജില്ലാ പഞ്ചായത്ത് | കോട്ടൂർ വീട്, വെട്ടിക്കവല<br>(പി. ഓ) കൊട്ടാരക്കര |
| ശ്രീമതി.വീണ വി എം<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ ,<br>സി എച്ച് സി, മേലടി | നടുക്കണ്ടി,<br>പുതുപ്പണം, വടകര -673105 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി/.പി7/ 128/15(1)തീയതി 05.05.15 | 1 | ഖണ്ഡിക 32 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടത്. |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി/ പി7/30/17(1) തീയതി 05.04.17 | 1 | ഖണ്ഡിക 7 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/ പി7/30/ 17(2) തീയതി 05.04.17 | 1 | 3-1,3-3,3-4,3-5 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/ പി7/30/ 17(4) തീയതി 05.04.17 | 1 | 3-1 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി/ പി7/30/ 17(6) തീയതി 05.04.17 | 1 | 3-4 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/പി7/ 1864/17 തീയതി -08.01.2018 | 1 | 3-8 |
| 2010-11 2011-12 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1976/ 2024 തീയതി 03.06.25 | 3 | 3-3,3-4,3-11 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി7/ 30/ 17(9) തീയതി 05.04.17 | 3 | 3-1, (2,3), 3-2, 3-3 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി8/ 790(1)/ 2022 തീയതി 18.05.22 | 4 | 3-4,3-5,3-6,3-7 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി8/ 902/ 2022 തീയതി 18.05.22 | 9 | 2-1,2-2(a)(c), 3-1,3-4,3-6,3-11,3-7,3-12 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി8/ 790/ 2022 (2) തീയതി 18.05.22 | 9 | 2-1,2-2,3-1,3-4,3-5,3-10, 3-12,3-16,3-24 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/ പി9/788/ 2024 തീയതി 09.04.25 | 3 | 3-2,3-3,3-4(1,3,4) |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/ പി9/790/ 2024 തീയതി 30.04.25 | 5 | 1-3(4),1-5,1-6,1-13,4-11 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി9/ 789/ 2024 തീയതി 09.04.25 | 2 | 1-2-1(1,3to9),1-8 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1632/ 2024 തീയതി 17.06.25 | 8 | 1-2-1,1-2-3,1-2-4,1-2-6, 1-2-8,1-10,1-11,1-12 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1200/ 2023 തീയതി 09.04.25 | 2 | 1-2(4,5), 1-6(1,3) |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി/ പി9/250/24 തീയതി 05.03.2025 | 13 | 1-1-1 മുതൽ 1-1-6 വരെ, 1-7,1-8,1-11,1-13,1-18, 3-1,4-11 |
| 2023-24 | കെ.എസ്.എ.കെ.കെ.ഡി/ പി9/395/25 തീയതി 29.03.2025 | 15 | 1-1-2 മുതൽ 1-1-6 വരെ, 1-7,1-8,1-10,1-12,1-14,1-15,1-16, 1-18,1-21,2-1 |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 30-05-2025 and submitted on 31-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Melady Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Melady Block Panchayat as on 31-03-2025

Date: 29/12/2025

Joint Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Melady Block Panchayat for the Year 2024-2025**

.

**1.Major Observations**

NIL

**2.Other Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit (eg:- Ratios and Notes).
2. Cash flow statement - Net increase/decrease in cashflow does not match with the difference between the opening and closing balance of cash and cash equivalents.
3.No abstract in Advance,deposit,rent Registers.
4.Stock register- not reliable
5.No timely reconciliation of bank accounts.
6.Mismatch of CFC balance in Balance sheet B4 and bank account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്